സീനിയർ ഗവമ്മെണ്ടു് സെക്രട്ടറി

*൯൪൨. (൯ ൭) ശ്രീ. കെ. ശാരങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഈ ഗവമ്മെണ്ടു സർവ്വീസിലുള്ള ഏറ്റവും സീനിയർ ആയ ഗവമ്മെണ്ടു് സെക്രട്ടറി ആരാണു്;

(ബി) അദ്ദേഹത്തെ ഗവമ്മെണ്ടു സെക്രട്ടറിയായി ഇവിടെ നിയമിച്ചതെന്നാണു്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ & ബി) സർവ്വീസു് സംയോജനം കഴിഞ്ഞിട്ടില്ലായ്തതിനാൽ ഏറ്റവും സീനിയർ ആരാണെന്നു പറയുവാൻ നിവൃത്തിയില്ല.

ഡി. ഐ. ജി. മി. മേനോൻ

*൯൨൩. (൯ ൮) ശ്രീ കെ. ശാരങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഡി. ഐ. ജി. മി. കേശവമേനോനെ ഇവിടത്തെ സർവ്വീസിൽ നിയമിച്ചതെന്നാണു്;

(ബി) അദ്ദേഹത്തിന്റെ ശമ്പളം എത്ര?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ശ്രീ. കേശവമേനോനെ ഇവിടത്തെ സർവ്വീസിൽ നിയമിച്ചിട്ടില്ല. തല്ക്കാലം ഒരു കൊല്ലത്തേക്കു് ഡെപ്യൂട്ടു് ചെയ്തിരിക്കുകയാണു്. ഇവിടെ ചാർജ്ജു് എടുത്തതു് ൨൯—൪— ൟൻ ൫൦-ലാണു്

(ബി) ൫൯൪—൮— ൦ രൂപയാണു്.

യാത്രപ്പടിയും ദിനബത്തയും

*൯൪൪. (൯൯) ശ്രീ. കെ. ശാരങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ജൂൺമാസം മുതൽ ആഗസ്റ്റു് അവസാനംവരെ മന്ത്രിമാരുടെ യാത്രപ്പടിയും ദിനബത്തയുംകൂടി ആകെ എത്ര രൂപാ ചിലവായിട്ടുണ്ടു്;

(ബി) ടി കാലയളവിൽ ഉദ്യോഗസ്ഥന്മാരുടെ യാത്രപ്പടിയും ദിനബത്തയുംകൂടി ആകെ എന്തു ചിലവുവന്നിട്ടുണ്ടു്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൫, ൧൯൯—൮— ൦ രൂപാ.

(ബി) ഏതുതരത്തിലുള്ള ഉദ്യോഗസ്ഥന്മാരെയാണു് ബഹു: മെമ്പർ ഉദ്ദേശിക്കുന്നതു് എന്നു് വ്യക്തമാകുന്നില്ല.

കീഴ്സിൽബന്ധികൾക്കു് മറ്റു ജോലികൾ

*൯൪൫. (൯ ൦) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഗവമ്മെണ്ടു് സർവ്വീസിൽ ഇരിക്കുന്ന വലിയ ഉദ്യോഗസ്ഥന്മാർ കീഴ്സിൽ ബന്ധികളെക്കൊണ്ടു് ഉദ്യോഗസംബന്ധമല്ലാത്ത മറ്റു ജോലികൾ ചെയ്യിക്കാൻ പാടില്ലെന്നുള്ള ഗവമ്മെണ്ടു് സർക്കുലറിനു് വിപരീതമായി ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ലെന്നാണ് വിശ്വാസം.

ഭൂനയക്കമ്മിറ്റി റിപ്പോർട്ട്

*നമ്പർ (൭൪) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഭൂനയകമ്മിറ്റി പ്രവർത്തനമാരംഭിച്ചിട്ട് ഇപ്പോൾ എത്ര മാസങ്ങളായിട്ടുണ്ട്;

(ബി) കമ്മിറ്റി ശുപാർശ്ശകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഈ കമ്മിറ്റിക്കുവേണ്ടി ശുപാർശ്ശകൾ ആകെ ചിലവു ചെയ്ത തുക എത്ര?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പത്തുമാസം.

(ബി) ഇല്ല.

(സി) ഉദ്ദേശം ൫൭, ൫൩൦ രൂപാ.

അഞ്ചരലക്ഷക്കേസ്സ്

*നമ്പർ ൭. (൭൫) സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

അഞ്ചരലക്ഷക്കേസ്സിന്റെ നടത്തിപ്പിലേക്ക് ആകെ ചിലവായിട്ടുള്ള സംഖ്യ എത്ര?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

ഉദ്ദേശം ൫൦,൦൦൦ രൂപ.

സുരേന്ദ്രൻകേസ്സ്

*നമ്പർ ൮. (൭൬) സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ,—

(എ) കൊട്ടാരക്കര ലാക്കപ്പിൽവെച്ച് കമ്മ്യൂണിസ്റ്റ് പ്രവർത്തകനായ മി. സുരേന്ദ്രൻ പെട്ടെന്നു മരിക്കാനുണ്ടായ കാരണങ്ങളെക്കുറിച്ച് പരസ്യാന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പരസ്യാന്വേഷണത്തിന്റെ സ്വഭാവം മനസ്സിലാക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ നാരായണപിള്ള):

(എ) ഈ സംഗതിയെപ്പറ്റി കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഒരു അന്വേഷണം നടത്തിവരികയാണ്. അതിന്റെ റിപ്പോർട്ട് പെട്ടെന്നു ലഭിക്കുന്നതാണ്. ആ റിപ്പോർട്ടിനു ശേഷം ആവശ്യമെന്നു തോന്നുന്നപക്ഷം ഒരു പരസ്യാന്വേഷണം നടത്തുന്നതാണ്.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly